# Miraculous Diagnosis and Treatment

(Testimony of Fr. Tony Kollannur CMI)

17.07.2021, Elavally, Thrissur

ഞാൻ ഫാ. ടോണി കൊള്ളന്നൂർ, കോയമ്പത്തൂർ പ്രേഷിത പ്രൊവിൻസ് അംഗമാണ്. ഞാനെന്റെ പെങ്ങളുടെ മകളുടെ വിവാഹത്തിന് പങ്കെടുക്കുവാൻ നാട്ടിലേക്ക് പോയി. ഇടവക പള്ളിയിൽ കുർബാന അർപ്പിച്ചതിനുശേഷം എല്ലാ ദിവസവും അവിടെ ഈശോയ്ക്ക് നന്ദി പറയുന്നതിന്റെ ഭാഗമായി പ്രാർത്ഥനയ്ക്കായി അൽപസമയം ചെലവഴിച്ചപ്പോൾ ഡൻസ്റ്റൻ അച്ചനോടും മാധ്യസ്ഥം അപേക്ഷിച്ചു പ്രാർത്ഥിച്ചു. അപ്പോൾ ഡൻസ്റ്റൻ അച്ചൻ എന്റെ മനസ്സിൽ തോന്നിപ്പിച്ചു പെങ്ങൾ ഇപ്പോൾ അച്ചനെ വിളിക്കും; അളിയന് ഒന്നു രണ്ടു ദിവസമായി ഗ്യാസിന്റെ ശല്യം ഉണ്ടെന്നും പറയും; അപ്പോൾ പെങ്ങളോട് പറയണം: എത്രയും പെട്ടെന്ന് ഏതെങ്കിലും നല്ല ഹോസ്പിറ്റലിൽ കൊണ്ടുപോകുക എന്ന്.

നന്ദി പ്രാർത്ഥന കഴിഞ്ഞതിനുശേഷം വീട്ടിലെത്തി കുറച്ചു കഴിഞ്ഞപ്പോൾ പെങ്ങൾ ഫോണിൽ വിളിക്കുകയും ചെയ്തു. ഞാൻ ഉടനെ തന്നെ ഡൻസ്റ്റൻ അച്ചൻ മനസ്സിൽ തോന്നിപ്പിച്ചതുപോലെ പെങ്ങളോട് പറഞ്ഞു: അളിയനെ വേഗം ഏതെങ്കിലും നല്ല ഹോസ്പിറ്റലിൽ എത്തിക്കുക. എന്റെ നിർദ്ദേശപ്രകാരം മിഷൻ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടു പോയി ചെക്കപ്പ് ചെയ്തപ്പോൾ അളിയന്റെ ഹാർട്ടിന്റെ ഒരു വാൽവ് പൂർണ്ണമായും അടഞ്ഞിരിക്കുന്നു എന്ന് ഡോക്ടർമാർ പറഞ്ഞു: നിങ്ങൾ തക്കസമയത്ത് കൊണ്ടുവന്നതുകൊണ്ട് അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ സാധിച്ചു. എന്റെ അളിയന്റെ ജീവൻ രക്ഷിക്കാൻ നിമിത്തമായിതീർന്നത് ഡൻസ്റ്റൻ അച്ചന്റെ മാധ്യസ്ഥശക്തി ഒന്നുകൊണ്ട് മാത്രമാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. അനേകായിരങ്ങൾക്ക് ആത്മീയ ഉപദേശവും മാതൃകയും കാണിച്ചുതന്ന ഡൻസ്റ്റൻ അച്ചൻ എന്റെ കുടുംബകാര്യങ്ങളിലും ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് ഞങ്ങളെ അനുഗ്രഹിച്ചു. അദ്ദേഹത്തിന്റെ വിശുദ്ധി ലോകം മുഴുവൻ വേഗത്തിൽ അറിയപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇനിയും അദ്ദേഹത്തിന്റെ മാധ്യസ്ഥശക്തി വഴിയായി അനേകായിരങ്ങൾ അനുഗ്രഹിക്കപ്പെടട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

എന്ന്,

**ഫാ. ടോണി കൊള്ളന്നൂർ സി.എം.ഐ.**
**കോയമ്പത്തൂർ**